**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 181** **13-02-2024 - ൽ മറുപടിയ്ക്ക്**

**പുതിയ ഊർജ്ജ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഊർജ്ജ മേഖലയിലെ കാതലായ മാറ്റം ഉൾക്കൊണ്ട് സംസ്ഥാനം പുതിയ ഊർജ്ജ നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ശാസ്ത്രസാങ്കേതിക മേഖലയിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ച ഊർജ്ജമേഖലയിലും ഏറെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പരമ്പരാഗത ഊർജ്ജ ഉറവിടങ്ങളിൽ നിന്നും പുനരുപയോഗ സാധ്യമായതും പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നതുമായ ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗത്തിന് അനുസൃതമായി പുനരുപയോഗസാധ്യമായ ജലവൈദ്യുതപദ്ധതി, സൂര്യപ്രകാശം, കാറ്റ്, ഹൈഡ്രജൻ, തിരമാലകൾ തുടങ്ങിയ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വിശദമായി പരിശോധിക്കപ്പെടേണ്ടത് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കാലഘട്ടത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ സംസ്ഥാനത്തിന് തനതായ ഒരു ഊർജ്ജ നയം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളും ഊർജ്ജമേഖലയിലെ വിദഗ്ധരും അംഗങ്ങളായി 29.12.2023-ലെ സർക്കാർ ഉത്തരവ് (കൈ) നം.11/2023/Power (പകർപ്പ് അനുബന്ധം ആയി കൊടുത്തിട്ടുണ്ട്) പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>ഊർജ്ജ നയത്തിന്റെ ഓരോ മേഖലയിലും വരുന്ന പ്രധാന ശീർഷകങ്ങളുടെ കരട് തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുനരുപയോഗം സാധ്യമായ പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസുകൾ കണ്ടെത്തുക, പൊതു സ്ഥലങ്ങളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുക, വാഹനങ്ങളിലും മറ്റും സൗരോർജ്ജ പാനൽ സ്ഥാപിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, Battery Energy Storage System (BESS), Pumped Storage തുടങ്ങിയവയുടെ സാദ്ധ്യതകൾ പരിശോധിക്കുക, വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, വൈദ്യുതി സുരക്ഷ, വൈദ്യുതി വാഹന നയം, കെട്ടിട നിർമ്മാണ ചട്ട ഭേദഗതി, ഊർജ്ജമേഖലയിൽ നൂതന ആശയങ്ങൾ രൂപീകരിക്കുക എന്നിവയും ലക്ഷ്യമിടുന്നു.<br><br>ഇതിനായി രൂപീകരിച്ച സമിതിയുടെ ആദ്യ യോഗം 6.1..2024-ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. കരട് ഊർജ്ജ നയം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾ പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 06.02.2024-ന് സമിതി അംഗങ്ങൾ, വിഷയ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ ഒരു ഏകദിന ശിൽപശാല സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നേരത്തെ തീരുമാനിച്ചിരുന്ന വിഷയങ്ങൾക്കു പുറമെ കരട് ഊർജ്ജനയത്തിൽ കൂട്ടതലായി ഏതെങ്കിലും വിഷയം ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവ കൂടി കരട് തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. വിവിധ ശീർഷകങ്ങളിലെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഈ മേഖലയിലെ വിദഗ്ധരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജനയം പ്രസിദ്ധീകരിക്കുന്നത്. |
| (ബി) | പുതിയ ഊർജ്ജ നയം രൂപീകരിക്കാൻ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ശാസ്ത്രസാങ്കേതിക മേഖലയിൽ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുന്ന വളർച്ച ഊർജ്ജമേഖലയിലും ഏറെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പരമ്പരാഗത ഊർജ്ജ ഉറവിടങ്ങളിൽ നിന്നും പുനരുപയോഗ സാധ്യമായതും പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നതുമായ ഊർജ്ജ സ്രോതസ്സുകളിലേയ്ക്ക് മാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗത്തിന് അനുസൃതമായി പുനരുപയോഗസാധ്യമായ ജലവൈദ്യുതപദ്ധതി, |

സൂര്യപ്രകാശം, കാറ്റ്, ഹൈഡ്രജൻ, തിരമാലകൾ തുടങ്ങിയ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ വിശദമായി പരിശോധിക്കപ്പെടേണ്ടത് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ കാലഘട്ടത്തിന്റെ സാധ്യതകളെ പൂർണ്ണമായും പ്രയോജനപ്പെടുത്താവുന്ന രീതിയിൽ സംസ്ഥാനത്തിന് തനതായ ഒരു ഊർജ്ജ നയം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പുകളുടെ പ്രതിനിധികളും ഊർജ്ജമേഖലയിലെ വിദഗ്ധരും അംഗങ്ങളായി 29.12.2023-ലെ സർക്കാർ ഉത്തരവ് (കൈ) നം.11/2023/Power (പകർപ്പ് അനുബന്ധം ആയി കൊടുത്തിട്ടുണ്ട്) പ്രകാരം ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

ഊർജ്ജ നയത്തിന്റെ ഓരോ മേഖലയിലും വരുന്ന പ്രധാന ശീർഷകങ്ങളുടെ കരട് തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുനരുപയോഗം സാധ്യമായ പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസുകൾ കണ്ടെത്തുക, പൊതു സ്ഥലങ്ങളിലും കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുക, വാഹനങ്ങളിലും മറ്റും സൗരോർജ്ജ പാനൽ സ്ഥാപിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, Battery Energy Storage System (BESS), Pumped Storage തുടങ്ങിയവയുടെ സാദ്ധ്യതകൾ പരിശോധിക്കുക, വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, വൈദ്യുതി സുരക്ഷ, വൈദ്യുതി വാഹന നയം, കെട്ടിട നിർമ്മാണ ചട്ട ഭേദഗതി, ഊർജ്ജമേഖലയിൽ നൂതന ആശയങ്ങൾ രൂപീകരിക്കുക എന്നിവയും ലക്ഷ്യമിടുന്നു.

ഇതിനായി രൂപീകരിച്ച സമിതിയുടെ ആദ്യ യോഗം 6.1..2024-ന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. കരട് ഊർജ്ജ നയം രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾ പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യുകയും, ഇതിന്റെ അടിസ്ഥാനത്തിൽ 06.02.2024-ന് സമിതി അംഗങ്ങൾ, വിഷയ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ ഒരു ഏകദിന ശിൽപശാല

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ശിൽപ്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നേരത്തെ തീരുമാനിച്ചിരുന്ന വിഷയങ്ങൾക്കു പുറമെ കരട് ഊർജ്ജനയത്തിൽ കൂടുതലായി ഏതെങ്കിലും വിഷയം ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അവ കൂടി കരട് തയ്യാറാക്കുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. വിവിധ ശീർഷകങ്ങളിലെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ഈ മേഖലയിലെ വിദഗ്ധരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജനയം പ്രസിദ്ധീകരിക്കുന്നത്. |
| (സി) | എല്ലാ മേഖലകളിലും സൗരോർജ്ജത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുപുറമേ പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് പ്രസ്തുത നയം പ്രാധാന്യം നൽകുമോ; വിശദമാക്കാമോ; | (സി) | സൗരോർജ്ജം, ഫ്ലോട്ടിംഗ് സോളാർ, കാറ്റിൽ നിന്നുള്ള വൈദ്യുതി, മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ എന്നിവ വികസിപ്പിക്കുന്നതിനു പുതിയ ഊർജ്ജ നയത്തിൽ പ്രാധാന്യം നൽകുന്നതാണ്. സൗരോർജ്ജം കൂടുതലായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ, പൊതു സ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്നതിന്റെയും, വിന്റ്, പമ്പ്ഡ് സ്റ്റോറേജ്, Vehicle to Grid (V2G), Battery Energy Storage System (BESS) എന്നീ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിന്റെ സാധ്യതകളും പുതിയ ഊർജ്ജ നയത്തിൽ ഉൾപ്പെടുത്തുന്നതാണ്. കരട് ഊർജ്ജ നയം ലഭ്യമായ ശേഷം വിപുലമായ ശിൽപശാല നടത്തി ഈ മേഖലയിലെ വിദഗ്ധരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അഭിപ്രായങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും സമഗ്ര ഊർജ്ജനയം പ്രസിദ്ധീകരിക്കുന്നത് |
| (ഡി) | താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും വൈദ്യുതി നൽകുന്നതിലും പുനരുപയോഗ ഊർജ്ജ ലക്ഷ്യം കൈവരിക്കുന്നതിലും ഉൾപ്പെടെ നിതി ആയോഗിന്റെ സുസ്ഥിര വികസന സൂചികകളിൽ കേരളം തുടർച്ചയായി ഒന്നാംസ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കാലാവസ്ഥ, ഊർജ്ജം എന്നീ മേഖലകളിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടത്തിയ ശ്രമങ്ങൾ വിലയിരുത്താൻ നീതി-അയോഗ് നടത്തിയ ആദ്യ ശ്രമങ്ങളിൽ ഒന്നാണ് സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് (The State Energy and Climate Index – SECI). താങ്ങാനാവുന്ന വില (affordability), പ്രാപ്യത (accessibility), കാര്യക്ഷമത (efficiency), വൈദ്യുതി വിതരണ കമ്പനിയുടെ പ്രവർത്തന മികവ് (DISCOM's performance) എന്നിവയോടൊപ്പം പരിസ്ഥിതി സൗഹൃദമായ വൈദ്യുതിയുടെ ഉപയോഗം, ഊർജ്ജക്ഷമത; പാരിസ്ഥിതിക സുസ്ഥിരത; നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള കഴിവ് എന്നിവയും ഇതിൽ വിലയിരുത്തപ്പെടുന്നു. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളുടെയും പ്രകടനം വിലയിരുത്താൻ 27ഘടകങ്ങൾ പരിശോധനാ വിധേയമാക്കിയിരുന്നു.<br><br>2022 ഏപ്രിലിൽ പ്രസിദ്ധീകരിച്ച NITI AYOG -ന്റെ State Energy & Climate Index round 1 പ്രകാരം താങ്ങാവുന്ന നിരക്കിൽ സുസ്ഥിര വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കുന്നതിൽ സംസ്ഥാനം ഒന്നാം സ്ഥാനത്താണ്. 2018-ലെ പതിമൂന്നാം സ്ഥാനത്ത് നിന്നും സ്ഥിതി മെച്ചപ്പെടുത്തി കേരളം 2021-ലെ സൂചികയിൽ ഒന്നാം സ്ഥാനത്ത് എത്തിയത്. കൃഷിക്കും വ്യവസായത്തിനും വൈദ്യുതി ലഭ്യമാക്കുക, cross subsidy, ToD tariff നടപ്പിലാക്കുക എന്നീ ഘടകങ്ങളിൽ ഏറ്റവും കൂടിയ score കേരളത്തിന് നേടാനായി. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ്-കരട് ഊർജ്ജ നയം രൂപീകരിക്കുന്നതിനായുള്ള സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (സി) വകുപ്പ്**

സ.ഉ.(കൈ) നം.11/2023/POWER തീയതി,തിരുവനന്തപുരം, 29-12-2023

---

**ഉത്തരവ്**

ശാസ്ത്ര സാങ്കേതിക മേഖലയിൽ അനുദിനം സംഭവിച്ചു കൊണ്ടിരിക്കുന്ന വളർച്ച ഊർജ്ജ മേഖലയിലും വളരെയധികം മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. പരമ്പരാഗത ഊർജ്ജ ഉറവിടങ്ങളിൽ നിന്നും പുനരുപയോഗ സാധ്യമായതും പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നതുമായ ഊർജ്ജ സ്രോതസുകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വൈദ്യുത വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന മൂലം ആവശ്യമായി വരുന്ന അധിക ഊർജ്ജം കണ്ടെത്തുന്നതിന് സൗരോർജ്ജം കൂടുതലായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ, പൊതു സ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സോളാർ പാനലുകൾ സ്ഥാപിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുക, വാഹനങ്ങളിലും മറ്റും സോളാർ പാനൽ സ്ഥാപിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുക തുടങ്ങിയ സാധ്യതകൾ വിശദമായി പരിശോധിക്കപ്പെടേണ്ടതുണ്ട്.

2) മേൽ സൂചിപ്പിച്ച കാര്യങ്ങളോടൊപ്പം വൈദ്യുതി ഉത്പാദനം, പ്രസരണം, വിതരണം എന്നിവയിൽ വരുത്തേണ്ട മാറ്റങ്ങൾ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, വൈദ്യുത സുരക്ഷ, വൈദ്യുത വാഹന നയം, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി, നൂതന ആശയങ്ങൾ വികസിപ്പിക്കൽ ഇതുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സംസ്ഥാനത്തിന് പര്യാപ്തമായ ഒരു കരട് ഊർജ്ജ നയം രൂപീകരിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം ഒരു സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

| | | |
|---|---|---|
| 1. | അഡീഷണൽ ചീഫ് സെക്രട്ടറി (ഊർജ്ജ വകുപ്പ്) | അദ്ധ്യക്ഷൻ |
| 2. | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി.എൽ. | അംഗം |
| 3. | ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ | അംഗം |
| 4. | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട് | അംഗം |
| 5. | ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ | അംഗം |
| 6. | പ്രതിനിധി - ഗതാഗത വകുപ്പ് | അംഗം |

| | | |
|---|---|---|
| 7. | പ്രതിനിധി - തദ്ദേശ സ്വയം ഭരണ വകുപ്പ് | അംഗം |
| 8. | പ്രതിനിധി - പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് | അംഗം |
| 9. | പ്രതിനിധി - കൃഷി വകുപ്പ് | അംഗം |
| 10. | പ്രതിനിധി - വനം വകുപ്പ് | അംഗം |
| 11. | പ്രതിനിധി - വ്യവസായ വകുപ്പ് | അംഗം |
| 12. | പ്രതിനിധി - ജല വിഭവ വകുപ്പ് | അംഗം |
| 13. | പ്രതിനിധി - K-DISC | അംഗം |
| 14. | ശ്രീ റെജി പിള്ള, The India Smart Grid Forum | അംഗം |
| 15. | ശ്രീ അരുൺ, പ്രൊഫസർ, IIT, റൂർക്കി | അംഗം |
| 16. | ഡോ. ദാമോദരൻ, മുൻ ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ | അംഗം |
| 17. | ഡയറക്ടർ/ പ്രതിനിധി, IIT, പാലക്കാട് | അംഗം |
| 18. | ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ് | കൺവീനർ |

3) ഊർജ്ജ നയത്തിന്റെ ഓരോ മേഖലയിലും വരുന്ന പ്രധാന ശീർഷകങ്ങളുടെ കരട് തയ്യാറാക്കുന്നതിന്റെ ചുമതല താഴെ പറയും പ്രകാരമായിരിക്കും.

1. **<u>വൈദ്യുതോത്പാദനം, പ്രസരണം, വിതരണം</u>** : വൈദ്യുതോത്പാദനം ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹൃദമായും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ, പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുക, ചെറുകിട ജലസേചന പദ്ധതികൾ കൂടുതലായി നടപ്പിലാക്കുന്നതിന്റെ സാധ്യത, പ്രസരണ നഷ്ടം കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടികൾ, വിതരണ മേഖല ശക്തിപ്പെടുത്തുവാനുള്ള നടപടികൾ, Pumped Storage, ഈ മേഖലയിലെ പുതിയ കണ്ടെത്തലുകൾ നടപ്പിൽ വരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, (ചുമതല : കെ എസ് ഇ ബി എൽ, അനെർട്ട്)

2. **<u>ആദിവാസി മേഖലകളിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഉറപ്പു വരുത്തുക</u>** (ചുമതല : കെ എസ് ഇ

ബി എൽ, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് , അനെർട്ട്)

3. **<u>സൗരോർജ്ജം/ മറ്റു പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ</u>** : സൗരോർജ്ജം കൂടുതലായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ, പൊതു സ്ഥലങ്ങളിലും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലും സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക, ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുന്നതിന്റെയും വാഹനങ്ങളിലും മറ്റും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക, V2G സംവിധാനം വികസിപ്പിക്കുക. (ചുമതല : അനെർട്ട്)

4. **<u>ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ</u>** : വൈദ്യുതിയുടെ ഉപയോഗം കുറച്ചു കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഊർജ്ജ ഉപയോഗം കുറവുള്ള ഗൃഹോപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, വൈദ്യുത ഉപയോഗം കുറയ്ക്കത്തക്ക രീതിയിലുള്ള കെട്ടിട മാതൃകകൾ വികസിപ്പിക്കുക, ഊർജ്ജ സംരക്ഷണ അവബോധം സൃഷ്ടിക്കുക, കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വികസിപ്പിക്കുക, ഊർജ്ജ മേഖലയിലെ പുതിയ കണ്ടെത്തലുകളുടെ ഉപയോഗം, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഊർജ്ജ ഓഡിറ്റ് തുടങ്ങിയവ (ചുമതല : എനർജി മാനേജ്മെന്റ് സെന്റർ)

5. **<u>വൈദ്യുത സുരക്ഷ</u>** : വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട നിയമങ്ങൾ കർശനമായി നടപ്പിലാക്കുക, ലൈസൻസുകൾ യഥാസമയം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ, സോളാർ-മറ്റ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ വികസനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനായി വേണ്ട ഇളവുകളും മറ്റും പരിശോധിക്കുക തുടങ്ങിയവ (ചുമതല : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്)

6. **<u>വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വാഹന നയം പരിഷ്കരിക്കുക :</u>** പ്രകൃതി സംരക്ഷണവും കാർബൺ ബഹിർഗമനവും കുറച്ചു കൊണ്ടു വരുന്നതിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം കുറയ്ക്കുന്നതിന്റെയും അതിനു പകരം വൈദ്യുത വാഹനങ്ങളുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതും ലക്ഷ്യമാക്കിക്കൊണ്ട് വൈദ്യുത വാഹനങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനം നൽകുന്നതുമായി ബന്ധപ്പെട്ട (financial incentives) നയങ്ങൾക്ക് രൂപം നൽകുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ. (ചുമതല : ഗതാഗത വകുപ്പ്)

7. **<u>കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തുക</u>** : സൂര്യപ്രകാശം, കാറ്റ് എന്നിവയുടെ ലഭ്യതയും, ഊർജ്ജ സംരക്ഷണവും ഉറപ്പു വരുത്തിക്കൊണ്ടുള്ള കെട്ടിട നിർമ്മാണ മാതൃകകൾ പ്രോത്സാഹിപ്പിക്കുക, അവയ്ക്ക് വേണ്ട നികുതി ഇളവുകളും മറ്റും നൽകുക, ബഹുനില കെട്ടിടങ്ങളിൽ വാഹന ചാർജിംഗ് സൗകര്യം ഉറപ്പു വരുത്തുക, തെരുവു വിളക്കുകൾക്കായി സോളാർ ലാമ്പുകൾ സ്ഥാപിക്കുക പോലുള്ള വിഷയങ്ങൾ (ചുമതല : തദ്ദേശ സ്വയം ഭരണ വകുപ്പ്)

8. **<u>നൂതന ആശയങ്ങൾ വികസിപ്പിക്കുക:</u>** Personal Rapid Transit (PRT), Induction Charging for Electric Vehicles പോലുള്ള നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക. (ചുമതല : K-DISC, എനർജി മാനേജ്മെന്റ് സെന്റർ, അനെർട്ട്)

9. **<u>ഏകോപനം :</u>** വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന പ്രപ്പോസലുകൾ ഏകോപിപ്പിച്ച് സമഗ്രമായ വൈദ്യുത നയം രൂപീകരിക്കുക (ചുമതല : ഊർജ്ജ വകുപ്പ്)

4) ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ വകുപ്പുതല സബ് കമ്മറ്റികൾ 2024 ജനുവരി 15-ന് മുൻപായി രൂപീകരിച്ച് ചുമതല നൽകിയിരിക്കുന്ന വിഷയങ്ങളിന്മേൽ റിപ്പോർട്ട് തയ്യാറാക്കി സമഗ്ര പരിശോധനയ്ക്ക് ശേഷം മേൽ കരട് ഊർജ്ജ നയ രൂപികരണ സമിതിയുടെ പരിഗണനയ്ക്കായി 2024 ഫെബ്രുവരി 15 നകം സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

സ.ഉ.(കൈ) നം.11/2023/POWER

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1) അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
2) അഡീഷണൽ ചീഫ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
3) അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്
4) പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5) പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
6) സെക്രട്ടറി, ജല വിഭവ വകുപ്പ്
7) സെക്രട്ടറി, ഗതാഗത വകുപ്പ്
8) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, തിരുവനന്തപുരം
9) എക്സ് ഒഫീഷ്യോ സെക്രട്ടറി, കെ-ഡിസ്ക്, തിരുവനന്തപുരം
10) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം
11) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അനെർട്ട്, തിരുവനന്തപുരം
12) ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ,തിരുവനന്തപുരം
13) ഡയറക്ടർ, IIT, പാലക്കാട്
15) ഡയറക്ടർ, IIT, റൂർക്കി
14) ശ്രീ. റെജി പിള്ള, The India Smart Grid Forum
15) ഡോ. ദാമോദരൻ, മുൻ ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, തിരുവനന്തപുരം
16) ശ്രീ അരുൺ, പ്രൊഫസർ, IIT, റൂർക്കി
17) ജോയിന്റ് സെക്രട്ടറി, ഊർജ്ജ വകുപ്പ്
18) വിവര പൊതുജന സമ്പർക്ക വകുപ്പ് - സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
19) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ